"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കോട്ടയം ജില്ലയിലെ പാമ്പാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള നീറിക്കാട് സെന്റ് മേരീസ് യു.പി സ്കൂളിലെ ശ്രീമതി. ചിപ്പി ജോയിയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3149/2026/GEDN തീയതി,തിരുവനന്തപുരം, 08-05-2026

---

പരാമർശം:-

1. കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് സ്കൂൾസ് കോട്ടയം അതിരൂപത സമർപ്പിച്ച 26/11/2025 ലെ 230/2025 നമ്പർ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/01/2026-ലെ എഫ്2/ 989/2026/ഡി.ജി.ഇ നമ്പർ കത്ത്.
3. പാമ്പാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ AEOPDY/ 523542/2026-C നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ പാമ്പാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള നീറിക്കാട് സെന്റ് മേരീസ് യു.പി സ്കൂളിലെ പാർട്ട് ടൈം എൽ.ജി ഹിന്ദി അധ്യാപികയായിരുന്ന ശ്രീമതി.മേരി എം.എ എന്നയാളെ 06-06-2019 ൽ HST HINDI അധ്യാപികയായി സ്ഥാനക്കയറ്റം നൽകി രാജപുരം ഹോളിക്രോസ് ഹൈസ്കൂളിൽ നിയമിച്ചതിന്റെ ഫലമായി ഉണ്ടായ ഒഴിവിൽ ശ്രീമതി.ചിപ്പി ജോയിയെ 06-06-2019 മുതൽ പാർട്ട് ടൈം എൽ.ജി ഹിന്ദി അധ്യാപികയായി ശമ്പള സ്കെയിലിൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചിരുന്നു. നിയമിതയ്ക്ക് കെ- ടെറ്റ് യോഗ്യത ഇല്ലാത്തതിനാലും മാതൃ അധ്യാപികയുടെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും പാമ്പാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ നിയമനം നിരസിച്ചു. ഇതിനെതിരെ സമർപ്പിക്കപ്പെട്ട റിവിഷൻ പെറ്റീഷനും പൊതു വിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചു. മേൽ പറയുന്ന നിയമനം അംഗീകരിക്കപ്പെട്ടില്ല എന്ന വസ്തുത നിലനിൽക്കെ ശ്രീമതി.ചിപ്പി ജോയ് 21-2-2022 ൽ രാജിവെച്ചു. തുടർന്ന് 06-06-2019 FN മുതൽ 21-02-2022 AN വരെയുള്ള ചിപ്പി ജോയിയുടെ നിയമനം അംഗീകരിക്കണം, ഇതേ തസ്തികയിൽ തുടർന്ന് നിയമിക്കപ്പെട്ട ശ്രീമതി.ബിന്നി മാത്യു, ഇതേ തസ്തികയിൽ എംപ്ലോയ്മെന്റ് വഴി നിയമിച്ച ഭിന്നശേഷി ഉദ്യോഗാർത്ഥിയായ ശ്രീമതി.മഞ്ജു ജെയിംസ് എന്നിവരുടെ നിയമനം അംഗീകരിക്കണം എന്നാവശ്യപ്പെട്ട് സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചു. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ശ്രീമതി.മേരി എം.എ യുടെ സ്ഥാനക്കയറ്റ നിയമനത്തിന് 06.06.2019 മുതൽ അംഗീകാരം ലഭിച്ചതിനാൽ 06.06.2019-

ൽ ഒഴിവ് വ്യവസ്ഥാപിതമാകുന്നുണ്ട് എന്ന വസ്തുത പരിഗണിച്ച് ശ്രീമതി. മഞ്ജു ജെയിംസ് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളായതിനാൽ, ഭിന്നശേഷിക്കാർക്കായി മാറ്റി വച്ച ഒഴിവിലേയ്ക്ക്, ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് ടിയാളുടെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ അംഗീകരിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് സ.ഉ.(സാധാ) നം.9262/2025/GEDN നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ചിപ്പി ജോയി, ബിന്നി മാത്യു എന്നിവർ ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച ഈ തസ്തികയിൽ നിയമിച്ചവരാണ് എന്നതിനാൽ ടി നിയമനങ്ങൾ ക്രമപ്രകാരമല്ല എന്ന് നിരീക്ഷിച്ച് കൊണ്ട് ശ്രീമതി.ചിപ്പി ജോയി, ശ്രീമതി.ബിന്നി മാത്യു എന്നിവർക്ക് നിയമനാംഗീകാരം നൽകണമെന്ന റിവിഷൻ ഹർജികളിലെ ആവശ്യം നിരസിക്കുകയും ചെയ്തു. ശ്രീമതി.ചിപ്പി ജോയിയുടെ നിയമനാംഗീകാരം നിരസിച്ച തീരുമാനം പുനഃ പരിശോധിക്കണം എന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം കോർപ്പറേറ്റ് മാനേജർ സമർപ്പിച്ചിരുന്ന റിവിഷൻ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരെയും, മറ്റ് ബന്ധപ്പെട്ട കക്ഷകളെയും 23.01.2026-ന് പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) **<u>നേരിൽ കേട്ട വേളയിൽ കോർപ്പറേറ്റ് മാനേജർ, ശ്രീമതി. ചിപ്പി ജോയ് എന്നിവർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>**

നീറിക്കാട് സെൻ്റ് മേരീസ് യു.പി സ്കൂളിലെ പാർട്ട് ടൈം എൽ.ജി. ഹിന്ദി അധ്യാപികയായി 06-06-2019 മുതൽ ശ്രീമതി.ചിപ്പി ജോയിയെ നിയമിച്ചിരുന്നു. നിലവിൽ ശ്രീമതി. മേരി.എം.എ യുടെ സ്ഥാനക്കയറ്റ നിയമനത്തിന് 06-06-2019 മുതൽ അംഗീകാരം നൽകിയിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത നിയമനം വ്യവസ്ഥാപിത ഒഴിവിലായിരുന്നു എന്ന് വ്യക്തമാണ്. താഴെ പറയുന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ശ്രീമതി. ചിപ്പി ജോയിയുടെ നിയമനത്തിന് അനുകൂലമായ പരിഗണന നൽകാൻ അർഹതയുണ്ടെന്ന് വിശ്വസിക്കുന്നു:

- **പുനർനിയമനാവകാശം (Rule 51 A തുല്യം)**

  സ.ഉ.(കൈ) നം. 29/2023/GEDN തീയതി 24-03-2023 ഖണ്ഡിക iv പ്രകാരം, ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുമൂലം പുറത്തുപോകേണ്ടി വരുന്ന താത്കാലിക നിയമനാംഗീകാരം നേടുന്ന ആൾക്ക്, ആ സ്കൂളിൽ/മാനേജ്മെൻ്റിലെ മറ്റ് സ്കൂളുകളിൽ പിന്നീട് ഉണ്ടാകുന്ന ഒഴിവുകളിൽ, പുനർ നിയമനത്തിന് കെ.ഇ.ആർ അദ്ധ്യായം XIV (A), ചട്ടം 51 A യ്ക്ക് തുല്യമായ അവകാശം ഉണ്ടായിരിക്കും. ശ്രീമതി. ചിപ്പി ജോയിയെ നിയമിച്ച ഒഴിവ് ഭിന്നശേഷി സംവരണത്തിനായി നീക്കിവെച്ചതായിരുന്നു. ഭിന്നശേഷി സംവരണ നിയമനത്തിനായി ശ്രീമതി. മഞ്ജു ജെയിംസ് വന്നതിനാലാണ് ശ്രീമതി.ചിപ്പി ജോയിയുടെ നിയമനം ക്രമപ്രകാരമല്ലെന്ന് കണ്ടെത്തി അംഗീകാരം നിരസിച്ചത്. ഈ സാഹചര്യത്തിൽ, ഭിന്നശേഷി നിയമനം കാരണം പുറത്തുപോകേണ്ടി വരുന്ന അധ്യാപകർക്ക് ലഭിക്കുന്ന 51 A യുടെ പരിരക്ഷയ്ക്ക് തുല്യമായ അവകാശം ശ്രീമതി. ചിപ്പി ജോയിക്കും ലഭിക്കേണ്ടതുണ്ട്.

- **നിയമനം റഗുലറായി ക്രമീകരിക്കുന്നതിനുള്ള വ്യവസ്ഥ**

  സ.ഉ.(കൈ) നം. 29/2023/GEDN തീയതി 24-03-2023 ഖണ്ഡിക 9 (ix) ഇപ്രകാരമാണ്.

"08-11-2021-നു ശേഷം ഉണ്ടായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകേണ്ടതും, ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്ന മുറയ്ക്ക് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, അത്തരം സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നവരെ, അവരുടെ നിയമനതീയതി മുതൽ റഗുലറായി ക്രമീകരിക്കാവുന്നതുമാണ്." ഈ ഉത്തരവ് പ്രകാരം, 08-11-2021 നു ശേഷം നിയമനം ലഭിച്ച ഭിന്നശേഷി സംവരണം പാലിക്കപ്പെട്ട സ്കൂളുകളിലെ അധ്യാപകരെ (മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ) നിയമന തീയതി മുതൽ റഗുലറായി ക്രമീകരിച്ച് നൽകിയിട്ടുണ്ട്. ശ്രീമതി. ചിപ്പി ജോയിയുടെ നിയമന തീയതി (06-06-2019) ഖണ്ഡിക 9(ix) പറയുന്ന 08-11-2021 നു മുമ്പുള്ളതാണ്. 11-05-2025-ലെ സ്പഷ്ടീകരണം പുറത്തുവരുന്നതിന് മുമ്പ് നിയമിക്കപ്പെട്ടവരുടെ നിയമനം ശമ്പളസ്കെയിലിൽ അംഗീകരിച്ചിരുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 11-05-2025 ലെ സ്പഷ്ടീകരണ കത്തു നമ്പർ GE-JR1/502/2023-G.EDN പ്രകാരം, 11-05-2025-ന് ശേഷം ഭിന്നശേഷി സംവരണത്തിന് മാറ്റിവെച്ച ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്ന മുറയ്ക്ക് നിയമന തീയതി മുതൽ റഗുലറായി ക്രമീകരിക്കാൻ കഴിയാതെ വരും. ശ്രീമതി.ചിപ്പി ജോയിയുടെ നിയമനം (06-06-2019) ഈ സ്പഷ്ടീകരണ കത്ത് വരുന്നതിന് ഏറെ വർഷങ്ങൾക്ക് മുമ്പുള്ളതാണ്. ആയതിനാൽ, ഈ കത്തിലെ പുതിയ നിബന്ധനകൾ ശ്രീമതി. ചിപ്പി ജോയിക്ക് ബാധകമാക്കരുത്. മാതൃ അധ്യാപികയുടെ നിയമനം അംഗീകരിച്ച സാഹചര്യത്തിൽ, ശ്രീമതി.ചിപ്പി ജോയിയുടെ നിയമനം വ്യവസ്ഥാപിത ഒഴിവിലായിരുന്നു. ഭിന്നശേഷി സംവരണ തസ്തികയിൽ നിയമിക്കപ്പെട്ടതിനാൽ 51 A തുല്യമായ പുനർനിയമനാവകാശം ശ്രീമതി. ചിപ്പി ജോയിക്ക് ലഭിക്കാൻ അർഹതയുണ്ട്. ശ്രീമതി. ചിപ്പി ജോയിയുടെ നിയമനം 11-05-2025-ലെ സ്പഷ്ടീകരണത്തിന് മുമ്പുള്ളതായതിനാൽ, ഭിന്നശേഷി സംവരണം പാലിക്കപ്പെട്ട് മുൻകാലങ്ങളിൽ അംഗീകാരം നൽകിയതുപോലെ, അംഗീകാരം നൽകണം. ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്നതിനുള്ള റോസ്റ്റർ തയ്യാറാക്കുന്നതിനുള്ള ഡിജിഇ യുടെ നമ്പർ H2/295299/2022/DGE കത്ത് വരുന്നത് 12-2022 ലാണ്. അതിനു മുന്നേ 21-02-2022 ൽ ചിപ്പി ജോയി രാജി വച്ചു. ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്നതിനുള്ള റോസ്റ്റർ തയ്യാറാക്കുന്നതിനുള്ള അവസാന തീയതി 15-02-2023 ലാണ് എന്ന് ഡിജിഇ യുടെ 25-01-2023-ലെ നം. H2/295299/2022/DGE നിർദ്ദേശിക്കുന്നു. അതിനു മുന്നേ 21-02-2022 ൽ ചിപ്പി ജോയി രാജി വച്ചു. അതുകൊണ്ട്, സ.ഉ.(കൈ) നം. 29/2023/GEDN തീയതി 24-03-2023 ന്റെ അടിസ്ഥാനത്തിൽ, ശ്രീമതി. ചിപ്പി ജോയിയുടെ നിയമനം പുനഃപരിശോധിച്ച് 06-06-2019 മുതൽ 21-02-2022 വരെ അംഗീകരിക്കുന്നതിന് അനുകൂലമായ ഉത്തരവ് പുറപ്പെടുവിക്കണം.

3) **<u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.</u>**

i) കോട്ടയം അതിരൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള നീറിക്കാട് സെന്റ് മേരീസ് യു.പി സ്കൂൾ പാമ്പാടി ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയത്തന്റെ അധികാരപരിധിയിൽ വരുന്ന വിദ്യാലയമാണ്. ഈ സ്കൂൾ 2019/20 മുതൽ 2023/24 വരെ വർഷങ്ങളിൽ മതിയായ എണ്ണം കുട്ടികളുള്ള വിദ്യാലയം ആയിരുന്നു. 2024-25 മുതലുള്ള വർഷങ്ങളിൽ ഇത് മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയമാണ്. ഈ സ്കൂളിലെ പാർട്ട് ടൈം ഹിന്ദി അദ്ധ്യാപികയായിരുന്ന

ശ്രീമതി.മേരി.എം.എ യെ 06/06/2019 ൽ എച്ച്.എസ്.റ്റി ഹിന്ദി ആയി സ്ഥാനക്കയറ്റം നൽകി രാജപുരം ഹോളി ക്രോസ് ഹൈസ്കൂളിൽ നിയമിക്കുകയും പ്രസ്തുത ഒഴിവിൽ 06/06/2019 മുതൽ ശ്രീമതി ചിപ്പി ജോയിയെ ശമ്പള സ്കെയിലിൽ പാർട്ട് ടൈം ഹിന്ദി അദ്ധ്യാപികയായി കോർപ്പറേറ്റ് മാനേജർ നിയമിക്കുകയും ചെയ്തു. നിയമന സമയത്ത് ടിയാൾക്ക് KTET യോഗ്യത ഇല്ലാതിരുന്നതിനാലും മാതൃ തസ്തികയിൽ നിന്നും സ്ഥാനകയറ്റം നൽകപ്പെട്ട ശ്രീമതി.മേരി എം.എ യുടെ നിയമനം അംഗീകരിക്കപ്പെട്ട് ഉത്തരവ് ലഭ്യമാകാത്ത സാഹചര്യത്തിലും ടി നിയമനം പാമ്പാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും സി/10162/2019 തീയതി 29/11/19 ഉത്തരവിൻ പ്രകാരം നിരസിച്ചു. ടി കോർപ്പറേറ്റ് മാനേജർ ഇതിനെതിരെ ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് അപ്പീൽ സമർപ്പിച്ചത് നിരസിക്കപ്പെട്ടു. വീണ്ടും ടിയാൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീൽ പൊതു വിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചു. ശ്രീമതി ചിപ്പി ജോയിയുടെ നിയമന രേഖകളിൽ ഒന്നും ടിയാളെ ഭിന്നശേഷിക്കാർക്കായി നീക്കി വച്ച ഒഴിവിലാണ് നിയമിച്ചത് എന്ന് സൂചിപ്പിച്ചിട്ടില്ല. ടി തസ്തികയിൽ തുടരവേ 21/02/2022 തീയതിയിൽ ടിയാൾ രാജി വെച്ചിട്ടുള്ളതാണ്. ഈ രാജി കോർപ്പറേറ്റ് മാനേജർ അംഗീകരിക്കുകയും, ടി രാജി അംഗീകരിച്ചത് സാധൂകരിക്കുന്നതിനായി പാമ്പാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ അപേക്ഷിക്കുകയും ചെയ്തിരുന്നു. എങ്കിലും, ശ്രീമതി.ചിപ്പി ജോയ് യുടെ നിയമനം അംഗീകരിക്കപ്പെടാത്ത സാഹചര്യത്തിൽ മാനേജരുടെ ആവശ്യം നിരാകരിച്ചിരുന്നു.

ii) മേൽ വിവരിച്ച വസ്തുതകളിൽ നിന്നും ശ്രീമതി ചിപ്പി ജോയി യുടെ നിയമനം സ്ഥിരീകരിക്കപ്പെടാത്ത ഒഴിവിലായിരുന്നു എന്നും ടി ഒഴിവ് കാഞ്ഞങ്ങാട് ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ബി2/133022/2023 ഉത്തരവ്, തീയതി 22/12/2023 പ്രകാരം ശ്രീമതി.മേരി എം.എ യുടെ പ്രമോഷൻ നിയമനം അംഗീകരിക്കപ്പെട്ട് നീറിക്കാട് സെൻ്റ് മേരീസ് യു.പി സ്കൂളിൽ ഒഴിവ് സ്ഥിരീകരിക്കപ്പെടുന്നതിന് മുൻപ് തന്നെ 21/02/2022 തീയതിയിൽ ശ്രീമതി ചിപ്പി ജോയി രാജി വച്ചിരുന്നു എന്നും വ്യക്തമാണ്. മാത്രമല്ല നിയമനം നടന്ന തീയതിയിൽ ശ്രീമതി.ചിപ്പി ജോയി KTET യോഗ്യത നേടുകയോ ടി യോഗ്യത പരീക്ഷ എഴുതുക പോലുമോ ചെയ്തിരുന്നില്ല. ആയതിനാൽ ടി നിയമനം പൂർണ്ണ യോഗ്യതയില്ലാത്ത ഉദ്യോഗാർത്ഥിയെ നിയമിച്ചതിനാൽ KER അദ്ധ്യായം XIVA ചട്ടം 1 ന വിരുദ്ധമായിട്ട് കൂടി കാണുന്നു.

iii) കോർപ്പറേറ്റ് മാനേജർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ പരാമർശം 4 അന്തിമ നിഗമനം എന്ന സൂചനയിൽ പരാമർശിച്ചിരിക്കുന്ന മൂന്ന് കാര്യങ്ങളെ സംബന്ധിച്ച്.

1. മാതൃ അദ്ധ്യാപികയുടെ നിയമനം അംഗീകരിച്ച സാഹചര്യത്തിൽ ശ്രീമതി ചിപ്പി ജോയിയുടെ നിയമനം വ്യവസ്ഥാപിതമായ ഒഴിവിൽ ആയിരുന്നു. എന്നിരുന്നാലും ടിയാൾ നിയമന തീയതിയിൽ KTET യോഗ്യത നേടിയിട്ടില്ലാത്ത സാഹചര്യത്തിൽ നിയമനം അംഗീകരിക്കുന്നത് KER അദ്ധ്യായം 14 A ചട്ടം 1 ന് വിരുദ്ധമാണ്.

2. ഭിന്നശേഷി സംവരണ തസ്തികയിൽ നിയമിക്കപ്പെട്ട് തുടർന്ന് വരുന്ന അദ്ധ്യാപകർ ഭിന്നശേഷി നിയമനം മൂലം പുറത്ത് പോകുമ്പോൾ മാത്രമാണ് നിയമിതയ്ക്ക് 51 Aക്ക് തുല്യമായ അവകാശം സിദ്ധിക്കുന്നത്. ഇവിടെ ഭിന്നശേഷിക്കാരിയായ ശ്രീമതി.മഞ്ജു ജയിംസ് 09/10/2023-ൽ നിയമിക്കപ്പെടുന്നതിനും വളരെ മുൻപെ 21/02/2022 ൽ ശ്രീമതി ചിപ്പി ജോയ്

രാജി വച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാൾക്ക് 51 A അവകാശത്തിന് തുല്യമായ അവകാശം ഉള്ളതായി കാണുന്നില്ല.

3. ശ്രീമതി മേരി എം.എ യുടെ ഒഴിവിൽ ശ്രീമതി ചിപ്പി ജോയിയുടെ ഉൾപ്പടെയുള്ള മൂന്നുപേരുടെ (ശ്രീമതി ചിപ്പി ജോയി, ശ്രീമതി ബിന്നി മാത്യു, ശ്രീമതി മഞ്ജു ജെയിംസ് നിയമനം സംബന്ധിച്ച) അപ്പീൽ പരിഗണിച്ച സർക്കാർ വിഷയത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ചശേഷം ശ്രീമതി ചിപ്പി ജോയി, ശ്രീമതി ബിന്നി മാത്യു എന്നിവർക്ക് നിയമനാംഗീകാരം നൽകണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് സ.ഉ (സാധാ) നം. 9262/2025 ജി.ഇ.ഡി.എൻ തീയതി 4/11/2025 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ കെ-ടെറ്റ് യോഗ്യത ഇല്ലാതെ നിയമിക്കപ്പെട്ട ശ്രീമതി ചിപ്പി ജോയിയുടെ നിയമനം കെ-ടെറ്റ് യോഗ്യത നിർബന്ധമാക്കിയ ജി.ഒ.(പി) 145/16 ജി.ഇ.ഡി.എൻ, തീയതി 30/08/2016 ഉത്തരവിന്റെയും കെ.ഇ.ആർ അധ്യായം 14 എ ചട്ടം 1 (1) ന്റെയും അടിസ്ഥാനത്തിൽ അംഗീകാരയോഗ്യമായി കാണുന്നില്ല എന്നും, ടിയാളുടെ നിയമനാവശ്യം മുൻ ഉത്തരവിൽ നിരസിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. സ.ഉ.(കൈ) നം. 29/2023/GEDN തീയതി 24-03-2023 ഖണ്ഡിക 9 (ix) ന്റെ അടിസ്ഥാനത്തിൽ, ശ്രീമതി. ചിപ്പി ജോയിയുടെ നിയമനം പുനഃപരിശോധിച്ച് 06-06-2019 മുതൽ 21-02-2022 വരെ റെഗുലർ സ്കെയിലിൽ അംഗീകരിക്കണമെന്നാണ് റിവിഷൻ ഹർജിയിൽ ആവശ്യപ്പെടുന്നത്. എന്നാൽ ശ്രീമതി ചിപ്പി ജോയിയുടെ നിയമന സമയത്ത് (6/6/2019 മുതലാണ് ശ്രീമതി ചിപ്പി ജോയുടെ നിയമനം, 21-02-2022-ൽ രാജി വച്ചു) ഭിന്നശേഷി സംവരണം സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കാത്തതിനാൽ ഈ നിയമനത്തിന് ഭിന്നശേഷി സംവരണം സംബന്ധിച്ച് പിന്നീട് പുറപ്പെടുവിച്ച വ്യവസ്ഥകൾ ബാധകം അല്ല എന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് വസ്തുതാപരമാണെന്നതാണ് മനസ്സിലാകുന്നത്. ഭിന്നശേഷി സംവരണം സംബന്ധിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പിന്നീട് ഈ ഒഴിവ് ഭിന്നശേഷി നിയമനത്തിനായി മാറ്റിവച്ചു എന്നാണ് മാനേജരും അറിയിച്ചത്. കെ-ടെറ്റ് യോഗ്യത ഇല്ലാത്തതിനാലും മാതൃ അധ്യാപികയുടെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും ആണ് ശ്രീമതി ചിപ്പി ജോയിയുടെ നിയമനം അംഗീകരിക്കപ്പെടാതിരുന്നത്. മാതൃ അദ്ധ്യാപികയുടെ നിയമനം അംഗീകരിച്ച സാഹചര്യത്തിൽ ഒഴിവ് വ്യവസ്ഥാപിതമാണെങ്കിലും കെ-ടെറ്റ് യോഗ്യത ഇല്ലാതെ നിയമിക്കപ്പെട്ട ശ്രീമതി ചിപ്പി ജോയിയുടെ നിയമനം കെ-ടെറ്റ് യോഗ്യത നിർബന്ധമാക്കിയ ജി.ഒ(പി) 145/16 ജി.ഇ.ഡി.എൻ, തീയതി 30/08/2016 ഉത്തരവിന്റെയും കെ.ഇ.ആർ അധ്യായം 14 എ ചട്ടം 1(1) ന്റെയും അടിസ്ഥാനത്തിൽ അംഗീകാരയോഗ്യമല്ല. 21/02/2022 തീയതിയിൽ രാജി വച്ച് പോയി എന്നതിനാൽ K-TET സംബന്ധിച്ച ബഹു. സുപ്രീം കോടതി ഉത്തരവ് ശ്രീമതി.ചിപ്പി ജോയിക്ക് ബാധകം ആകുന്നില്ലെന്ന് കണക്കാക്കാനാകില്ല. ആയതിനാൽ, ടിയാളുടെ 06-06-2019 മുതൽ 21-02-2022 വരെയുള്ള നിയമനം K TET ഇല്ലാത്ത സാഹചര്യത്തിൽ പരിഗണനാർഹമല്ല എന്നുമുള്ള സാഹചര്യത്തിൽ പരാമർശം (1) റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ടു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ജെ ശാലിനി
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോട്ടയം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാമ്പാടി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് സ്കൂൾസ്, കോട്ടയം
അതിരൂപത, ചൈതന്യ പാസ്റ്ററൽ സെന്റർ, തെള്ളകം പി.ഒ, കോട്ടയം - 686630
ശ്രീമതി. ചിപ്പി ജോയ് (മാനേജർ മുഖേന)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Pradeep Kumar.
C. O
Date: 08-05-2026 16:08:46

സെക്ഷൻ ഓഫീസർ